20/09/2024

FRIDAY

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A

Editor: Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/09/2024

1. ക്ഷീരവികസനവകുപ്പിന്റേയും വാഴൂർ ബ്ലോക്ക് പഞ്ചായത്തിന്റെയും വിവിധ ഗ്രാമപഞ്ചായത്തുകളുടേയും ബ്ലോക്കിലെ വിവിധ ക്ഷീര സംഘങ്ങളുടേയും സംയുക്ത ആഭിമുഖ്യത്തിൽ സെപ്തംബർ 20-ന് പരുത്തിമൂട് ക്ഷീരോൽപാദക സഹകരണസംഘം കെ.131(ഡി) ആപ്കോസിന്റെ നേതൃത്വത്തിൽ ബ്ലോക്ക് ക്ഷീരസംഗമം നെടുമണ്ണി സെന്റ് അൽഫോൻസാ യു. പി. സ്കൂളിൽ വച്ച് നടത്തപ്പെടുകയാണ്. ബ്ലോക്ക് ക്ഷീരസംഗമത്തിന്റെ ഉദ്ഘാടനം ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. ചടങ്ങിൽ കേരള ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് അദ്ധ്യക്ഷ ത വഹിക്കുന്നതുമാണ്. കന്നുകാലി പ്രദർശനമത്സരം, ഗവ്യജാലകം, ക്ഷീരവികസന സെമിനാർ, എക്സിബിഷൻ, പൊതുസമ്മേളനം, ക്ഷീരകർഷകരെ ആദരിക്കൽ, സമ്മാനദാനം, തുടങ്ങിയ വിവിധ പരിപാടികൾ ക്ഷീര കർഷക സംഗമത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്നു.. ആന്റോ ആന്റണി എം.പി, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, സഹകാരികൾ, ഉദ്യോഗസ്ഥ പ്രമുഖർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

2. ജനങ്ങൾക്ക് പോഷകസമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ജൈവ കൃഷിയിലൂടെ ഉറപ്പാക്കി മണ്ണിനെയും പരിസ്ഥിതിയെയും സംരക്ഷിച്ചുകൊണ്ട് കാർഷിക വരുമാന വർദ്ധനവ് ഉറപ്പാക്കുന്നതിന് ആവശ്യമായ സംവിധാനം ഒരുക്കുക എന്നതാണ് ജൈവകാർഷിക മിഷൻ ലക്ഷ്യമിടുന്നത്. കർഷകർക്ക് അവർക്ക് അനുയോജ്യമായ ജൈവ കാർഷിക കൃഷി മുറകൾ തിരഞ്ഞെടുക്കുന്നതിനും അവരുടെ പരമ്പരാഗത കൃഷി അറിവുകൾ കൂടി സമന്വയിപ്പിച്ചുകൊണ്ട് പ്രകൃതി സൗഹൃദകൃഷി നടപ്പിലാക്കുന്നതിന് കർഷകരെ ശാക്തീകരിക്കുകയും ചെയ്യുക എന്നതാണ് ഇതുകൊണ്ട് ഉദേശിക്കുന്നത്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

3. വെള്ളായണികാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽനിന്നും ഇന്ത്യൻ തേനീച്ചയുടെ കോളനികൾ കൂടൊന്നിന് 1400/- രൂപാനിരക്കിലും. മണ്ണിരക്കമ്പോസ്റ്റിനനുയോജ്യമായ യുഡ്രിലസ് ഇനത്തിൽപ്പെട്ട മണ്ണിരകൾ 100 ഗ്രാമിന് 100 രൂപനിരക്കിലും കോമാടൻ, വെസ്റ്റ് കോസ്റ്റ് ടാൾഎന്നി തെങ്ങിൻ തൈകൾ യഥാക്രമം 130, 120 രൂപാ നിരക്കുകളിലും എല്ലാ പ്രവർത്തി ദിവസങ്ങളിലും സെയിൽസ് കൗണ്ടറിൽ നിന്ന് വിപണനത്തിന് ലഭ്യമാണ്. പ്രവർത്തനസമയം രാവിലെ 9 മുതൽ വൈകിട്ട് 4 മണിവരെ യാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2383572, 8848277143 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

4. സംസ്ഥാന സർക്കാരിന്റെ SMAM പദ്ധതിയിലുൾപ്പെടുത്തി കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ Chain Saw (മരം മുറിക്കുന്ന യന്ത്രം), Brush/Bush Cutter(പുല്ലു വെട്ടുന്ന യന്ത്രം), Garden Tiller (കിളയ്ക്കാനുള്ള യന്ത്രം), Earth Auger (മണ്ണ് കുഴിക്കുന്ന യന്ത്രം) തുടങ്ങിയവ മിതമായ നിരക്കിൽ വാടകയ്ക്ക് കൊടുക്കപ്പെടും. കൂടുതൽ വിവരങ്ങൾക്ക് 9562733082, 9400475028

## പരിശീലന പരിപാടി

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ബ്ലോക്ക് റബ്ബർ പരിശോധനയിൽ രണ്ടു ദിവസത്തെ പ്രത്യേക പരിശീലനം നൽകുന്നു. ബ്ലോക്ക് റബ്ബർ ഗുണമേന്മാനിയന്ത്രണം, സ്റ്റാൻഡേർഡ് ടെസ്റ്റിങ് രീതികളും പ്രാധാന്യവും, സാമ്പിൾശേഖരണത്തിന്റെ നടപടിക്രമങ്ങൾ, ബ്ലോക്ക് റബ്ബർ പരിശോധന തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളപരിശീലനം സെപ്റ്റംബർ 25,26 തീയതികളിൽ നടത്തും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9446976726 എന്ന ഫോൺ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം